# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3026 13.07.2015-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**<u>ഓപ്പറേഷൻ കുബേരയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഓപ്പറേഷൻ കുബേര ഒന്നാം ഘട്ടം അവസാനിപ്പിച്ചുവോ എന്നും എങ്കിൽ രണ്ടാം ഘട്ടം ആരംഭിച്ചത് എന്നാണെന്നും രണ്ടാം ഘട്ടം പുനരാരംഭിക്കേണ്ട കാരണം എന്തെന്നും വ്യക്തമാക്കുമോ; | (എ) 'ഓപ്പറേഷൻ കുബേര'യുടെ ഒന്നാം ഘട്ടം 24-10-2014-ൽ അവസാനിപ്പിച്ചു. രണ്ടാം ഘട്ടം 25/10/2014 മുതൽ 21/06/2015 വരെ. രണ്ടാം ഘട്ടം പുനരാരംഭിക്കാനുണ്ടായ കാരണം അമിത പലിശക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനും, ടി ചൂഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനുമാണ്. |
| (ബി) ഈ സർക്കാർ കാലയളവിൽ ബ്ലേഡ് മാഫിയ മൂലം സംഭവിച്ച ദുരന്തങ്ങൾ ഏതെല്ലാമെന്നും എന്തു സഹായം പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ നൽകി എന്നും ഏതെല്ലാം കേസ്സുകളിൽ കുറ്റപത്രം നൽകിയെന്നും എത്ര പ്രതികൾക്ക് ശിക്ഷ നാളിതുവരെ ലഭിച്ചുവെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) വിശദാംശങ്ങൾ **അനുബന്ധം-എ** ആയി ചേർത്തിരിക്കുന്നു. ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ബ്ലേഡ് മാഫിയ മൂലം ദുരന്തങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായങ്ങളൊന്നും നൽകിയിട്ടില്ല. |
| (സി) ഓപ്പറേഷൻ ഒന്നാം ഘട്ടം നിർജ്ജീവമായശേഷം സംസ്ഥാനത്ത് ബ്ലേഡ് മാഫിയ മൂലം എത്ര മരണങ്ങൾ നടന്നു എന്നും മരണപ്പെട്ടവർ ആരാണെന്നും അവർക്ക് സർക്കാർ എന്തു സഹായം നൽകി എന്നും കേസ്സുകളിൽ പ്രതികൾ ആരെല്ലാമെന്നും എത്ര പേരെ അറസ്റ്റു ചെയ്തുവെന്നും വ്യക്തമാക്കുമോ; | (സി) ഓപ്പറേഷൻ കുബേര ഒന്നാം ഘട്ടം നിർജ്ജീവമായിട്ടില്ല. ആരും മരണപ്പെട്ടിട്ടുമില്ല. |
| (ഡി) ഒന്നാംഘട്ട ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പിടിച്ചെടുത്ത പണവും ചെക്കും എത്രയെന്നും ആരുടെയെല്ലാം ആധാരങ്ങൾ ലഭിച്ചുവെന്നും പ്രസ്തുത കേസ്സുകളിൽ സംസ്ഥാനവ്യാപകമായി എത്ര റെയ്ഡുകൾ നടത്തിയെന്നും പിടിയിലായ പ്രതികൾ ആരെല്ലാമെന്നും പിടി കിട്ടാത്ത പ്രതികൾ ആരെല്ലാമെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ഡി) ഒന്നാംഘട്ട ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പിടിച്ചെടുത്ത പണവും, ചെക്കും എത്രയെന്നും, ആരുടെയെല്ലാം ആധാരങ്ങൾ ലഭിച്ചുവെന്നും, പ്രസ്തുത കേസ്സുകളിൽ സംസ്ഥാനവ്യാപകമായി എത്ര റെയ്ഡുകൾ നടത്തിയെന്നും, പിടിയിലായ പ്രതികൾ ആരെല്ലാമെന്നും, പിടി കിട്ടാത്ത പ്രതികൾ ആരെല്ലാമെന്നുമുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-ബി** ആയി ചേർത്തിരിക്കുന്നു. |

(ഇ) ഓപ്പറേഷൻ കുബേര (രണ്ടാം ഘട്ടം) പ്രഖ്യാപിച്ച ശേഷം പിടികൂടപ്പെട്ട ബ്ലേഡ് മാഫിയാംഗങ്ങൾ ആരെല്ലാമെന്നും ഇതിൽ മറ്റു സംസ്ഥാനക്കാർ ആരെല്ലാമെന്നും മറ്റു സംസ്ഥാനങ്ങളിൽ ചിട്ടി തുടങ്ങി പണമിടപാട്ട രജിസ്ട്രേഷൻ സമ്പാദിച്ചശേഷം സംസ്ഥാനത്ത് ബ്ലേഡ് പ്രവർത്തനം നടത്തുന്ന അതിർത്തി പ്രദേശത്തുള്ളവർ ആരെല്ലാമെന്നും, ഇവരെ സംബന്ധിച്ച് എത്ര പരാതികൾ ഒന്നാം ഘട്ടത്തിൽ ലഭിച്ചുവെന്നും പിടികൂടാത്തവരെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുമോ എന്നും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

(ഇ) ഓപ്പറേഷൻ കുബേര(രണ്ടാം ഘട്ടം) പ്രഖ്യാപിച്ച ശേഷം പിടികൂടപ്പെട്ട ബ്ലേഡ് മാഫിയാംഗങ്ങൾ ആരെല്ലാമെന്നും, ഇതിൽ മറ്റു സംസ്ഥാനക്കാർ ആരെല്ലാമെന്നും, മറ്റു സംസ്ഥാനങ്ങളിൽ ചിട്ടി തുടങ്ങി പണമിടപാട്ട രജിസ്ട്രേഷൻ സമ്പാദിച്ചശേഷം സംസ്ഥാനത്ത് ബ്ലേഡ് പ്രവർത്തനം നടത്തുന്ന അതിർത്തി പ്രദേശത്തുള്ളവർ ആരെല്ലാമെന്നും, ഇവരെ സംബന്ധിച്ച് ലഭിച്ച പരാതികൾ സംബന്ധിച്ച വിവരവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ **അനുബന്ധം-സി** ആയി ചേർത്തിരിക്കുന്നു. പിടികൂടാൻ സാധിക്കാത്തവരെ അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുത്തി പിടികൂടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ